പതിമൂന്നാം കേരള നിയമസഭ
അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ --6066 10.07.2012- ൽ മറുപടിക്ക്

ഗൾഫിലെ മലയാളി തടവുകാർ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീമതി കെ. എസ്. സലീഖ | ശ്രീ. കെ. സി. ജോസഫ്<br>*(ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികകാര്യവും പ്രവാസികേരളീയകാര്യവും വകുപ്പ് മന്ത്രി)* |
| (എ)ഗൾഫ് രാജ്യങ്ങളിൽ വിവിധ ജയിലുകളിൽ കഴിയുന്ന മലയാളികൾ എത്രയാണ്; ഏതൊക്കെ രാജ്യങ്ങളിലായി എത്ര പേർ വീതം ഉണ്ടെന്ന് വെളിപ്പെടുത്തുമോ; | (എ) വിദേശ രാജ്യങ്ങളിൽ ജയിലിൽ അകപ്പെടുന്ന മലയാളികളുടെ വിവരങ്ങൾ ബന്ധപ്പെട്ട രാജ്യങ്ങൾ സംസ്ഥാന സർക്കാരിന് ലഭ്യമാക്കാറില്ല എന്നതിനാൽ വിവിധ കുറ്റകൃത്യങ്ങളുടെ പേരിൽ ഗൾഫ് രാജ്യങ്ങളിലെ ജയിലുകളിൽ എത്ര മലയാളികൾ ഉണ്ട് എന്നതിനെ സംബന്ധിച്ച് കൃത്യമായ കണക്ക് സർക്കാരിന്റെ പക്കലില്ല. |
| (ബി)ഈ സർക്കാർ അധികാരമേറ്റ ശേഷം നാളിതുവരെ എത്ര പേരെ ഗൾഫ് രാജ്യങ്ങളിലെ വിവിധ ജയിലുകളിൽ നിന്നും മോചിതരാക്കി സംസ്ഥാനത്ത് എത്തിക്കാൻ സാധിച്ചുവെന്ന് വ്യക്തമാക്കുമോ;<br><br>(സി)വിവിധ കാരണത്താൽ ഇത്തരത്തിൽ ജയിലിൽ കഴിയുന്ന മലയാളികളെ നാട്ടിൽ എത്തിക്കാൻ സർക്കാർ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചുവരുന്നതെന്ന് വ്യക്തമാക്കുമോ; | (ബി & സി) വിദേശ രാജ്യങ്ങളിലെ ജയിലുകളിൽ കഴിയുന്ന മലയാളികളെ സംബന്ധിക്കുന്ന അന്വേഷണങ്ങൾ കുടുംബാംഗങ്ങളിൽ നിന്നോ മലയാളി സംഘടനകളിൽ നിന്നോ വ്യക്തികളിൽ നിന്നോ മറ്റോ ലഭിക്കുകയാണെങ്കിൽ അതാത് ഇന്ത്യൻ എംബസികളുടെ ശ്രദ്ധയിൽക്കൊണ്ടു വന്ന് അവരുടെ മോചനത്തിനു വേണ്ടി നടപടികൾ സ്വീകരിച്ചു വരുന്നു. കൂടാതെ ആവശ്യമായ കേസുകളിൽ നിയമസഹായം നൽകാനും എംബസിയോട് അഭ്യർത്ഥിക്കാറുണ്ട്. വിദേശങ്ങളിൽ തൊഴിൽ സംബന്ധമായ കേസുകളിൽ കുടുങ്ങിയവരെയും മറ്റു നിയമപ്രശ്നങ്ങൾ നേരിടുന്നവരെയും സഹായിക്കുന്നതിലേയ്ക്കായി പ്രവാസി ലീഗൽ എയ്ഡ് സെൽ ആരംഭിക്കുന്നതിന് നടപടികൾ സ്വീകരിച്ചുവരുന്നു. ഗൾഫ് നാടുകളിലെ ജയിലുകളിൽ കഴിയുന്ന നിരപരാധികളായ കേരളീയരെ തിരികെ |

നാട്ടിൽ എത്തിക്കുന്നതിന് സ്വപ്ന സാഫല്യം പദ്ധതിക്ക് രൂപം നൽകി സൗദി അറേബ്യയിൽ പ്രാബല്യത്തിൽ വരുത്തിക്കഴിഞ്ഞു. ഇതുവരെ ഈ പദ്ധതിയിലൂടെ 25 പേരെ നാട്ടിലെത്തിക്കാൻ കഴിഞ്ഞിട്ടുണ്ട്. ഈ വകുപ്പിൽ നിന്നും ആവശ്യമായ വിവരങ്ങൾ ഉൾക്കൊള്ളുന്ന സന്ദേശം ലഭിച്ചുകഴിഞ്ഞാൽ എംബസി തുടർനടപടികൾ സ്വീകരിച്ച് അവരെ മോചിപ്പിച്ച് വരികയാണ് ചെയ്യുന്നത്. ആവശ്യമെങ്കിൽ അധികവിവരങ്ങൾ അവർ ഈ വകുപ്പിൽ നിന്നും വാങ്ങാറുണ്ട്. എന്നാൽ മോചനം സാധ്യമാക്കിയതിനുശേഷം പലപ്പോഴും ഈ വകുപ്പിനെ ഔദ്യോഗികമായി അറിയിക്കാറില്ല. മോചനമാണ് പ്രധാന ലക്ഷ്യമെന്നുള്ളതിനാലും ജയിൽമോചനം അറിയിച്ചുകൊണ്ടുള്ള മറുപടി എല്ലാ കേസിലും ഉണ്ടാകാറില്ല എന്നതിനാലും ഇപ്രകാരം മോചിതരായവരുടെ കൃത്യമായ കണക്ക് ഈ വകുപ്പിൽ ലഭ്യമാവില്ല.

(ഡി)വിവിധ കാരണങ്ങളാൽ ഗൾഫ് രാജ്യങ്ങളിൽ മരണപ്പെടുന്ന മലയാളികളെ നാട്ടിൽ പെട്ടെന്ന് എത്തിക്കുന്നതിന് എന്തൊക്കെ നടപടികൾ സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടെന്ന് വ്യക്തമാക്കുമോ; ഇവരുടെ കുടുംബങ്ങൾക്ക് എപ്രകാരമുള്ള സാമ്പത്തിക സഹായം നൽകാൻ ഉദ്ദേശിക്കുന്നുവെന്നും വ്യക്തമാക്കുമോ?

(ഡി) വിദേശത്ത് മരണമടയുന്ന പ്രവാസികളുടെ ബന്ധുക്കളിൽ നിന്നും, മറ്റ് വിശ്വാസയോഗ്യമായ കേന്ദ്രങ്ങളിൽ നിന്നും, അപേക്ഷ ലഭിക്കുന്നതനുസരിച്ച് ഭൗതിക ശരീരം നാട്ടിൽ കൊണ്ടുവരുന്നതിനായി അതാത് എംബസികളുമായി ബന്ധപ്പെട്ട് അടിയന്തിര നടപടി സ്വീകരിച്ച് വരുന്നുണ്ട്. മരണപ്പെട്ട ആളുടെ വിശദവിവരങ്ങളും അദ്ദേഹത്തിന്റെ വിദേശത്തുള്ള ബന്ധുവിന്റെയോ സുഹൃത്തുക്കളുടെയോ വിവരങ്ങളും, നിശ്ചിത കേസുകളിൽ അഫിഡവിറ്റും, പവർ ഓഫ് അറ്റോർണിയും ഉൾക്കൊള്ളുന്ന അപേക്ഷ എംബസികൾക്ക് അയച്ചു കൊടുക്കുകയും നിരന്തരമായി ബന്ധപ്പെട്ട് മൃതദേഹം നാട്ടിലെത്തിക്കുന്നതിന് സഹായിക്കുകയും ചെയ്യുന്നു . വിദേശത്ത് വച്ച് മരണപ്പെടുന്ന പ്രവാസി കേരളീയരുടെ മൃതദേഹം നാട്ടിലെത്തിക്കുന്നതിനുവേണ്ടി വരുന്ന ചെലവുകൾ

വഹിക്കുന്നതിലേയ്ക്കായി നോർക്ക വകുപ്പിന് കീഴിൽ 'കാരുണ്യം' എന്ന ഒരു പദ്ധതി നിലവിലുണ്ട്. കേരള പ്രവാസി കേരളീയ ക്ഷേമനിധിയിൽ അംഗത്വമെടുത്തിട്ടുള്ള പ്രവാസികൾ മരണമടയുന്ന പക്ഷം ആശ്രിതർക്ക് ധനസഹായം ബോർഡിൽ നിന്ന് നൽകി വരുന്നുണ്ട്. കൂടാതെ സാന്ത്വന പദ്ധതി, നോർക്ക - റൂട്ട്സ് ചെയർമാൻ ഫണ്ട് എന്നിവയിൽ ഏതെങ്കിലും ഒന്നിൽ നിന്നും നിബന്ധനകൾക്കനുസൃതമായി മരണാനന്തര ധനസഹായം അനുവദിക്കാറുണ്ട്.

സെക്ഷൻ ഓഫീസർ